"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്-പോലീസ് ജീവനക്കാര്യം-കൊച്ചി സിറ്റി ഹാർബർ പോലീസ് സ്റ്റേഷനിലെ SCPO 9482 ശ്രീ.സജീവൻ റ്റി.വി.-ക്ക് ടിയാൻ മെഡിക്കൽ അവധിയിലായിരുന്ന കാലയളവ് പ്രത്യേക അവശതാവധിയായി ക്രമീകരിച്ച് നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (പി) വകുപ്പ്**

സ.ഉ.(സാധാ) നം.2333/2025/HOME തീയതി,തിരുവനന്തപുരം, 11-07-2025

---

പരാമർശം:-
1. 24/08/2017 തീയതിയിലെ സ.ഉ(പി)നം.112/2017/ധനം നമ്പർ ഉത്തരവ്
2. സംസ്ഥാന പോലീസ് മേധാവിയുടെ 06/06/2025 തീയതിയിലെ ഇ5-103849/2025/PHQ നമ്പർ കത്ത്

**ഉത്തരവ്**

കൊച്ചി സിറ്റി ഹാർബർ പോലീസ് സ്റ്റേഷനിലെ SCPO 9482 ശ്രീ.സജീവൻ റ്റി.വി. 18/02/2025-ന് എമർജൻസി ഡ്യൂട്ടിക്കായി സ്റ്റേഷനിലേക്ക് വരവെ ടിയാൻ ഓടിച്ചിരുന്ന വാഹനം മറ്റൊരു കാറുമായി കൂട്ടിയിടിച്ച് അപകടം സംഭവിക്കുകയും, തുടർന്ന് മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ചികിത്സ തേടുകയും, തുടർന്ന് അവധിയിൽ പ്രവേശിച്ചതുമായ 18/02/2025 തീയതി മുതൽ 26/04/2025 വരെയുള്ള 68 ദിവസത്തെ കാലയളവ് പ്രത്യേക അവശതാവധിയായി ക്രമീകരിക്കണമെന്ന് ടിയാൻ അഭ്യർത്ഥിക്കുകയും, സംസ്ഥാന പോലീസ് മേധാവി ആയത് ശിപാർശ ചെയ്ത് പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുമുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.സജീവൻ റ്റി.വി-ക്ക് സംഭവിച്ച പരിക്ക് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായിട്ടുള്ളതാണെന്ന് കൊച്ചി സിറ്റിയിലെ ഹാർബർ PS, SHO, രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടിയാൻ പ്രസ്തുത അവധിക്ക് ശേഷം 27/04/2025 തീയതിയിൽ തിരികെ ജോലിയിൽ പ്രവേശിച്ച് നോർമൽ ഡ്യൂട്ടി ചെയ്തുവരികയാണെന്ന് ടിയാന്റെ ലീവ് റോളിൽ നിന്ന് വ്യക്തമാകുന്നുണ്ട്. ഈ സാഹചര്യത്തിൽ കൊച്ചി സിറ്റി ഹാർബർ പോലീസ് സ്റ്റേഷനിലെ SCPO 9482 ശ്രീ.സജീവൻ റ്റി.വി.-ക്ക് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ സംഭവിച്ച അപകടത്തെ തുടർന്ന് ടിയാൻ മെഡിക്കൽ അവധിയിലായിരുന്ന 18/02/2025 തീയതി മുതൽ 26/04/2025 വരെയുള്ള കാലയളവ് കെഎസ്ആർ ഭാഗം 1 ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധിയായി ക്രമീകരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANJU M
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) തിരുവനന്തപുരം
ശ്രീ.സജീവൻ റ്റി.വി, SCPO 9482 (സംസ്ഥാന പോലീസ് മേധാവി മുഖേന)

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sini George
Date: 11-07-2025 11:18:16
സെക്ഷൻ ഓഫീസർ